**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **09-02-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റേഷൻ കട പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര റേഷൻ കടകളെയാണ് സ്മാർട്ട് റേഷൻ കടകളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ് സ്മാർട്ട് റേഷൻ കടകളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ചുവടെ പറയും പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള കടകളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>1. കടയുടെ വിസ്തീർണ്ണം – കുറഞ്ഞത് 300 ചതുരശ്ര അടി<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങൾ. |
| (ബി) | എല്ലാ റേഷൻ കടകളെയും സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ആദ്യഘട്ടത്തിൽ 73 റേഷൻകടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ പൂർത്തീകരണത്തിനു ശേഷം മറ്റ് റേഷൻകടകളുടെ കാര്യം ഘട്ടം ഘട്ടമായി പരിശോധിക്കും. |

സെക്ഷൻ ഓഫീസർ